<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323</u> <u>29-01-2024 - ൽ മറുപടിയ്ക്ക്</u>

<u>കെ- സ്മാർട്ട് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെ സ്മാർട്ട് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി സംഘടിപ്പിച്ചിട്ടുള്ള പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **നഗരഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ ഇതിനകം തന്നെ നടത്തിയിട്ടുണ്ട്. കൂടുതൽ വിപുലമായ പരിശീലനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതാണ്. 18-12-2023 മുതൽ 22-12-2023 വരെ 281 മാസ്റ്റർ ട്രെയിനർ മാർക്കും, 26-12-2023 മുതൽ 31-12-2023 വരെ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മേയർ, ചെയർപേഴ്സൺ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജീവനക്കാർ, ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ ജീവനക്കാർ എന്നിങ്ങനെ ആകെ 2933 പേർക്ക് കെ-സ്മാർട്ടിന്റെ വിവിധ മൊഡ്യൂളുകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി 03-01-2024, 11-01-2024, 22-01-2024, 24-01-2024 മുതൽ 27-01-2024 വരെ നഗരഭരണ തദ്ദേശ സ്ഥാപനങ്ങളിലെയും, ഐ. കെ. എമ്മി ലെയും ഹോസ്പിറ്റൽ കിയോസ്കുകളിലെയും ആയി ആകെ 2548 പേർക്ക് കെ-സ്മാർട്ടിന്റെ വിവിധ മൊഡ്യൂളുകളിൽ പരിശീലനം നൽകിയിട്ടുണ്ട്.** |
| (ബി) | കെ-സ്മാർട്ട് സംവിധാനം പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള കാലപരിധി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ; | (ബി) | നിലവിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയ പരിധിയാണ് സോഫ്റ്റ് വെയറിൽ നിശ്ചയിച്ചിട്ടുള്ളത്. K SMART പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ സേവനങ്ങൾക്കായുള്ള സമയപരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്. |
| (സി) | കെ-സ്മാർട്ട് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അക്ഷയകേന്ദ്രം മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ-സേവ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ? | (സി) | ഇ-സേവ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. കെ-സ്മാർട്ട് നടപ്പിലാക്കിയ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.കെ.എം സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ Facilitation സെന്ററുകൾ മുഖേന പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകി വരുന്നു. അക്ഷയ സെന്റർ മുഖേനയും ആവശ്യമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും സജ്ജമാണ്. |

സെക്ഷൻ ഓഫീസർ